# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3219 14.07.2015 ൽ മറുപടിക്ക്

## റെയിൽവേ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം :<br>,, എം.ചന്ദ്രൻ :<br>,, എസ്.ശർമ്മ :<br>,, വി.ശിവൻകുട്ടി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ ബജറ്റുകളിൽ പ്രഖ്യാപിച്ച പല പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പഴകിയ ബോഗികൾ നൽകിയും യാത്രാസുരക്ഷിതത്വം ഉറപ്പു വരുത്താതെയും സംസ്ഥാനത്തെ അവഗണിക്കുന്നുവെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തണമെന്നതിനെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കാമോ; | (ബി) യും (സി) യും | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%-നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം |
| (സി) | ഇതിനായി എന്ത് തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.<br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണം;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.<br>2015-16 - ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർ ഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശ ങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽ തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തു വരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾ തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാരിയായ സൗമ്യയുടെ ദാരുണ മരണത്തെത്തുടർന്ന് ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സംസ്ഥാന പോലീസും റെയിൽവേയും ചേർന്ന് കൂടുതൽ ഊർജിതമായും കർശനമായും സ്വീകരിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ